**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2556</u>** **<u>12-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കുറ്റ്യാടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ പെരുമുണ്ടച്ചേരി ഭാഗത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം, തുടർച്ചയായി വൈദ്യുതി ഇല്ലാതാകൽ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റ്യാടി മണ്ഡലത്തിലെ പെരുമുണ്ടച്ചേരി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും, 150മീറ്റർ ലോ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തിയും, ഒരു 100KVA ട്രാൻസ്ഫോർമർ ലോഡ് സെന്ററിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | ആവശ്യമുള്ളപക്ഷം പുതിയതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ആവശ്യമുള്ള പക്ഷം പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme) പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ